# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3709 — 15-12-2014 ൽ മറുപടിക്ക്

## DEO റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനത്തിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ.ലതിക | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പി.എസ്.സി 24-07-2010 ന് പ്രസിദ്ധീകരിച്ച DEO റാങ്ക് ലിസ്റ്റിലെ 1(A) റാങ്ക്കാരൻ ആരായിരുന്നുവെന്നും അദ്ദേഹത്തിന് നിയമനം നൽകുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ; | (എ) 24-07-2010 ന് പി.എസ്.സി പ്രസിദ്ധീകരിച്ച DEO റാങ്ക് ലിസ്റ്റിൽ ലിസ്റ്റ് എ (ഓപ്പൺ ക്വാട്ട) എന്നും ലിസ്റ്റ് ബി (ടീച്ചിംഗ് ക്വാട്ട) എന്നും രണ്ട് ഭാഗങ്ങളുണ്ട്. ഇതിൽ ലിസ്റ്റ് എയിൽ ഒന്ന് (എ) റാങ്ക്കാരൻ ഇല്ല. എന്നാൽ ലിസ്റ്റ് (ബി) യിൽ ഒന്ന് (എ) റാങ്ക്കാരനായി ശ്രീ. സി. മനോജ്കുമാറിനെ റ്റി.എ.നം. 4666/12 ൽ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19-06-2013 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30-10-2013 ലെ കൂട്ടിച്ചേർക്കൽ വിജ്ഞാപനത്തിലൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ശ്രീ. സി. മനോജ്കുമാറിനെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് മുമ്പ് തന്നെ നിലവിലുണ്ടായിരുന്ന ഒഴിവിലേയ്ക്ക് പി.എസ്.സി നിയമന ശുപാർശ നടത്തിയതിനാൽ ടിയാന് നിയമന ശുപാർശ നൽകാൻ പി.എസ്.സിക്ക് കഴിഞ്ഞിട്ടില്ല. |
| (ബി) ടിയാന്റെ നിയമനം സംബന്ധിച്ച് ഏതെങ്കിലും കോടതി ഉത്തരവായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) ടിയാന് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുണ്ടെങ്കിൽ റാങ്ക് ലിസ്റ്റിൽ അർഹമായ സ്ഥാനത്ത് ഉൾപ്പെടുത്തണമെന്ന് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ റ്റി.എ നം.4666/2012 ൽ 19-06-2013 ന് ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

(സി) ടിയാന് ഉടൻ തന്നെ സീനിയോറിറ്റി പുനസ്ഥാപിച്ച് നിയമനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

(സി) നിലവിൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഏഴ് ഒഴിവുകളിലേയ്ക്ക് നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ടിയാന് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**